(സി) ഇത്തരക്കാരെ നിയന്ത്രിക്കുന്നതിന് സർക്കാർ കർശന നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സർജിക്കൽ ഉപകരണങ്ങൾ ന്യായവില മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നില്ല. സർജിക്കൽ ഡിസ്പോസബിൾസ്, സർജിക്കൽ ഡ്രസ്സിംഗ്, സർജിക്കൽ സ്വിച്ചർ മുതലയവ ന്യായവില സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

മരുന്നുവാങ്ങൽ സുതാര്യവും അഴിമതി രഹിതവുമാക്കാൻ നടപടി

52 (4927) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും വിതരണം ചെയ്യാനുള്ള അലോപ്പതി മരുന്നുകൾ ഇപ്പോൾ ഏതു സംവിധാനത്തിലൂടെയാണ് വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ ; മുമ്പ് നിലവിലുണ്ടായിരുന്ന സംവിധാനവുമായി ഇപ്പോഴത്തേതിനുള്ള വ്യത്യാസം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ സംവിധാനത്തിൽ കടുത്ത അഴിമതി നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ മരുന്നു വാങ്ങൽ കൂടുതൽ സുതാര്യവും അഴിമതി രഹിതവുമാക്കാനും പാവപ്പെട്ട രോഗികൾക്ക് ജീവൻ രക്ഷാമരുന്നുകളെങ്കിലും ന്യായമായ വില്യ്ക്ക് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന യാണ് മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്യുന്നത്. കോർപ്പറേഷൻ വരുന്ന തിന് മുമ്പ് സെൻട്രൽ പർച്ചേസ് കമ്മറ്റിയാണ് മരുന്ന് വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നത്. ആരോഗ്യ വകുപ്പിൽ നിന്നും, ആരോഗ്യവിദ്യാഭ്യാസ വകുപ്പിൽ നിന്നും അവശ്യമരുന്നുകളുടേയും സാമഗ്രികളുടേയും ഇൻഡന്റുകൾ സ്വീകരിച്ച് അവയ്ക്ക് സംസ്ഥാനന്തര ടെണ്ടറുകൾ ക്ഷണിച്ച് ഒരു വർഷ ത്തേക്ക് റേറ്റ് കോൺട്രാക്ട് നിശ്ചയിച്ചാണ് കോർപ്പറേഷൻ മരുന്നുകൾ സംഭരിക്കുന്നത്. മരുന്നുല്പാദകരേയും വിദേശത്തുനിന്നും നേരിട്ട് ഇറക്കുമതി ചെയ്യുന്നവരേയും മാത്രമേ ടെണ്ടറുകളിൽ പങ്കെടുപ്പിക്കുകയുള്ളൂ. കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിലോ മറ്റു സംസ്ഥാനങ്ങളിലോ ശിക്ഷണ നടപടികൾക്ക് വിധേയമായ സ്ഥാപനങ്ങളെ ടെണ്ടറുകളിൽ പങ്കെടുപ്പിക്കാറില്ല. കോർപ്പറേഷൻ സംഭരിക്കുന്ന എല്ലാ ബാച്ച് മരുന്നുകളും ഹെഡ് ഓഫീസിലെ ക്വാളിറ്റി കൺട്രോൾ വകുപ്പിൽ സംഭരിച്ച് ചുമതലപ്പെടുത്തിയ സർക്കാർ അംഗീകൃത ലബോറട്ടറികളിൽ പരിശോധിക്കുന്നു. പ്രാഥമിക പരിശോധനയിൽ ഗുണനിലവാരമില്ലാത്തതാണെന്ന് തെളിയുന്ന മരുന്നുകൾ സംസ്ഥാന ഡ്രഗ് കൺട്രോൾ ലാബിൽ കണഫർമേറ്ററി ടെസ്റ്റിന് അയയ്ക്കുന്നു. ഇതിലും പരാജയപ്പെട്ടാൽ മരുന്നുകളുടെ വിതരണം മരവിപ്പിക്കുകയും, ടെണ്ടർ വ്യവസ്ഥകൾ പ്രകാരം ശിക്ഷണ നടപടികൾ സ്വീകരിക്കുകയും പേമെന്റ് നൽകാതിരിക്കുകയും ചെയ്യുന്നു. ഒരു ടെണ്ടർ കാലയളവിൽ ഒരു മരുന്നിന്റെ രണ്ടിലധികം ബാച്ചുകൾ തുടർച്ചയായി ഗുണനിലവാരമില്ലെന്ന് പരിശോധനയിൽ തെളിഞ്ഞാൽ പ്രസ്തുത ഇനം മരുന്നിനെ കരിമ്പട്ടികയിൽപ്പെടുത്തി അഞ്ചു വർഷത്തേക്ക് ടെണ്ടറിൽനിന്നും ഒഴിവാക്കുന്നു. ഒരു സ്ഥാപനം വിതരണം ചെയ്ത പകുതിയിലധികം മരുന്നുകൾ ഈ വിധത്തിൽ കരിമ്പട്ടികയിൽപ്പെടുകയാണെങ്കിൽ ആ സ്ഥാപനത്തെ തന്നെ കരിമ്പട്ടികയിൽപ്പെടുത്തുന്നു. 2009-10 വർഷത്തിൽ 9 കമ്പനികളുടെ 17 മരുന്നിനെ ഓരോ വർഷത്തേക്ക് കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള നടപടികൾ സി.പി.സി.-യിൽ (സെൻട്രൽ പർച്ചേസ് കമ്മിറ്റി) ഉണ്ടായിരുന്നില്ല.

(ബി) ഇല്ല.

(സി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മരുന്നു വാങ്ങൽ പ്രക്രിയ സുതാര്യവും അഴിമതിരഹിതവുമാണ്. ജീവൻരക്ഷാ മരുന്നുകളുൾപ്പെടെയുള്ള എല്ലാ മരുന്നുകളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യമായി വിതരണം ചെയ്യുന്നു. ആശുപത്രികൾ മുഖേനയല്ലാതെ ജീവൻരക്ഷാമരുന്നുകൾ വിതരണം ചെയ്യുവാൻ കോർപ്പറേഷന് അനുമതിയില്ല.

സ്വകാര്യ ആശുപത്രികൾക്കും ക്ലിനിക്കുകൾക്കും ഡ്രഗ് ലൈസൻസ്

53 (4928) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികൾക്കും ക്ലിനിക്കുകൾക്കും ഡ്രഗ് ലൈസൻസ് നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് കേസ്സ് എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ ;

(സി) ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ടെങ്കിൽ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾ നിലവിലുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly